solidarity YOUTH SPRING FILM FESTIVAL 6 TH EDITION

2018 AUGUST - CALICUT

# YOUTH SPRING FILM FESTIVAL

## നിബന്ധനകൾ

2016 ജനുവരി ഒന്നിനുശേഷം പൂർത്തിയാക്കിയ ഡോകുമെന്ററി, ഷോർട്ട് ഫിലിം, മ്യൂസിക് വീഡിയോ ചിത്രങ്ങളാണ് മത്സരത്തിനും പ്രദർശനത്തിനും പരിഗണിക്കുക. മികച്ച ഡോകുമെന്ററി ചിത്രത്തിന് 10000 (പതിനായിരം) രൂപയും ഷോർട്ട് ഫിക്ഷൻ, മ്യൂസിക് വീഡിയോ, ആനിമേഷൻ ചിത്രത്തിന് 10000 (പതിനായിരം) രുപയും അവാർഡ് തുകയായി നൽകും. ജനകീയ സമരങ്ങളെ ഇതിവൃത്തമാക്കിയുള്ള മികച്ച ഡോകുമെന്ററി ചിത്രത്തിനുള്ള സി.ശരത് ചന്ദ്രൻ ഫെലോഷിപ്പിന് 10000 (പതിനായിരം) രൂപയും നൽകും.

എൻട്രികൾ 2018 ജൂൺ 10 നകം സമർപ്പിക്കേണ്ടതാണ്. സെലക്ഷൻ ജൂറി തിരഞ്ഞെടുക്കുന്ന ചിത്രങ്ങൾ മാത്രമേ മത്സര വിഭാഗത്തിലും പ്രദർശന വിഭാഗത്തിലും ഉൾപ്പെടുത്തുകയുള്ളൂ.

ചിത്രങ്ങളുടെ 3 ഡി.വി.ഡി, സംവിധായകൻ/സംവിധായികയുടെ ഫോട്ടോ, ചിത്രത്തിന്റെ പോസ്റ്റർ, ചിത്രത്തിന്റെ പ്രമേയത്തെക്കുറിച്ച ലഘു കുറിപ്പ്, ചിത്രത്തിന്റെ സംവിധായക(ൻ)/നിർമാതാവ്/ ക്യാമറ പേഴ്സൺ, എഡിറ്റർ തുടങ്ങിയ അണിയറ പ്രവർത്തകരുടെ പേരുവിവരങ്ങൾ, പ്രദർശനത്തിന് അനുമതി നൽകികൊണ്ടുള്ള സമ്മതി പത്രം എന്നിവ അപേക്ഷയോടൊപ്പം ഫെസ്റ്റിവെൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രദർശിപ്പിക്കുന്ന ചിത്രങ്ങളുടെ പ്രമേയം, സംഗീതം മൊണ്ടാഷ്, ഗ്രാഫിക്സ് തുടങ്ങിയവയുടെ പകർപ്പാവകാശം സംബന്ധിച്ച എല്ലാ ഉത്തരവാദിത്തങ്ങളും സംവിധായകനായിരിക്കും. പ്രദർശനത്തിന് അയച്ചു തരുന്ന ചിത്രങ്ങളുടെ ഏതെങ്കിലും ഭാഗങ്ങൾ ഫെസ്റ്റിവെലിന്റെ പ്രചാരണത്തിനോ മറ്റോ (സംവിധായകൻ/നിർമാതാവിന് കടപ്പാട് രേഖപ്പെടുത്തി) ഉപയോഗപ്പെടുത്തുന്നതായിരിക്കും. (ആവശ്യമെങ്കിൽ) പ്രദർശനത്തിന് അയച്ച് തരുന്ന ചിത്രങ്ങൾ മേളക്ക് ശേഷം മേളയുടെ പ്രചരണാർഥമോ പൊതുതാൽപര്യാർഥമോ പ്രദർശിപ്പിക്കാനും കോപികൾ സൂക്ഷിക്കാനും ഫെസ്റ്റിവെൽ സംഘാടകർക്ക് അധികാരമുണ്ടായിരിക്കും. അയച്ചുതരുന്ന ചിത്രങ്ങൾ ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ സംഭവിക്കുന്നതിനോ നഷ്ടപ്പെടുന്നതിനോ ഇടയായാൽ ആയതിന് ഫെസ്റ്റിവെൽ സംഘാടകർഉത്തരവാദിയായിരിക്കില്ല. എൻട്രികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ഫെസ്റ്റിവെൽ കമ്മറ്റി ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുള്ള ചിലവുകൾ സ്വയം വഹിക്കേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷകൾ ഓൺലൈൻ ആയോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. ഫെസ്റ്റിവെൽ സംബന്ധിച്ച എല്ലാ വ്യവഹാരങ്ങളും കോഴിക്കോട് നിയമാധികാരാതിർത്തിയിലായിരിക്കും.

വിശദ വിവരങ്ങൾക്ക് **9895023185, 9645728769** എന്നീ എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**എൻട്രികൾ 2018 ജൂൺ 10 നകം സെക്രട്ടറി, യൂത്ത് സ്പ്രിംഗ് ഫിലിം ഫെസ്റ്റ്, ഹിറ സെന്റർ, മാവൂർ റോഡ്, കോഴിക്കോട് എന്ന വിലാസത്തിൽ നേരിട്ടോ തപാൽ/കൊറിയർ മുഖേനയോ എത്തിക്കേണ്ടതാണ്.**

**എൻട്രികൾ അയക്കേണ്ട വിലാസം:**

**YOUTHSPRING FILM FESTIVAL**
**SOLIDARITY YOUTH MOVEMENT**
**P.B.No: 833, HiraCetnre**
**MavoorRoad, Calicut-04**
**0495 2721695, 8111923185**